(സി) ഹഡ്കോ, കെ.എസ്.റ്റി. 133 എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ബസുകൾ വാങ്ങുന്നതിനായാണ് വിനിയോഗിച്ചത്. കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ പ്രവർത്തന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും നിരക്കുവർദ്ധനയും

334 (3968) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ കഴിഞ്ഞ നാലു മാസത്തെ വരുമാനം എത്ര വീതമാണെന്നും 2013-ൽ ഇതേ മാസങ്ങളിലുള്ള വരുമാനം എത്ര യാണെന്നും വ്യക്തമാക്കുമോ ;

(ബി) 2013-ന് നവംബറിനു ശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിരക്കു വർദ്ധന നടപ്പാക്കിയിട്ടുണ്ടോയെന്നും എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയതെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാലു മാസങ്ങളിലും 2013-ലെ ഇതേ മാസങ്ങളിലും കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് വരുമാനം യഥാക്രമം

1,51,32,83,547 രൂപ

1,50,52,13,860 രൂപ

1,52,39,13,954 രൂപ

1,51,48,46,246 രൂപ എന്നിവയാണ്.

2013 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് വരുമാനം യഥാക്രമം

LIBRARY ARCHIVES Kerala Legislative Assembly

1,36,04,02,216 രൂപ

1,41,00,61,857 രൂപ

1,42,03,87,812 രൂപ

1,35,75,92,101 രൂപ എന്നിവയാണ്.

(ബി) 20-5-2014-ന് ടിക്കറ്റ് നിരക്ക് വർദ്ധനവ് നടപ്പിൽ വരുത്തിയിട്ടുണ്ട്. മിനിമം നിരക്കിൽ 15.60 ശതമാനവും കിലോമീറ്റർ നിരക്കിൽ 10.16 ശതമാനവും വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

(സി) 2014-ലെ സർവ്വീസ് നടത്തിപ്പ് :

ആഗസ്റ്റ്	- 4449
സെപ്റ്റംബർ	- 4347
ഒക്ടോബർ	- 4454
നവംബർ	- 4452

2013-ലെ സർവ്വീസ് നടത്തിപ്പ് :

ആഗസ്റ്റ്	- 4690
സെപ്റ്റംബർ	- 4640
ഒക്ടോബർ	- 4619
നവംബർ	- 4407

കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർ

335 (3969)ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനയ്യായിരം രൂപക്ക് മുകളിൽ പെൻഷൻ വാങ്ങുന്ന എത്ര പെൻഷൻകാർ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ട് ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻകാരുടെ പെൻഷൻ പുനർ നിർണ്ണയിക്കാൻ ആലോചനയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly